ശ്രീ. തോമസ് ജോസഫ് : സർ, ബഹുമാന്യനായ ഇ. കെ. നായനാർ ഇങ്ങനെ പറയുമെന്ന് ഞാൻ പ്രതീക്ഷിച്ചില്ല. ഞാൻ വസ്തുതകളുടെ അടിസ്ഥാനത്തിലാണ് സംസാരിക്കുന്നത്. ബഹുമാന്യനായ മുൻ മുഖ്യമന്ത്രിക്ക് അത് നിഷേധിക്കാൻ സാധ്യമല്ല. ഞാൻ അതുകൊണ്ട് ഈ മുന്നണി തകർത്തതിന്റെ പരിപൂർണ്ണമായ ഉത്തരവാദിത്വം മാർക്സിസ്റ്റ് പാർട്ടിയുടെ പേരിൽ ആരോപിക്കുകയാണ്. മാർക്സിസ്റ്റ് പാർട്ടിയെ ഞാൻ സംശയിക്കുകയാണ്. എം. വി. രാഘവൻ ഉൾപ്പെടെയുള്ള ഒരു വിഭാഗം ആളുകളെ ബഹുമാനപ്പെട്ട നായനാർ മുഖ്യമന്ത്രിയായതിന്റെ പേരിൽ അദ്ദേഹത്തെ ഒറ്റപ്പെടുത്താനുള്ള ശ്രമം നടത്തിയതിന്റെ ഫലമായി ഒരു പറ്റം സി. ഐ. ടി. യു. ക്കാരെ ഈ മുന്നണിക്കെതിരായിട്ടു അഴിച്ചു വിട്ടോയെന്നുപോലും ഞാൻ സംശയിക്കുകയാണ്.

ശ്രീ. സി. എ. കുര്യൻ : ഇങ്ങനെയൊക്കെയായിരുന്നെങ്കിൽ അതിൽ സി. പി. ഐ. യോടും സി. പി. എം. നോടും യോജിക്കരുതായിരുന്നു. എന്നാൽ ഇടുക്കിജില്ല സഹകരണബാങ്ക് തെരഞ്ഞെടുപ്പിന് നമ്മളെല്ലാവരും ഒന്നിച്ച് നിന്നുകൊണ്ട് ആൻറണി കോൺഗ്രസിനെ എതിർത്തത് ശരിയാണോ ?

ശ്രീ. തോമസ് ജോസഫ് : നമ്മളെ രണ്ടുപേരും ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്കിലെ ബോർഡ് മെംബേഴ്സാണ് : നിഷേധിക്കുന്നില്ല, ഒരു മുന്നണികാലഘട്ടത്തിൽ ആ ജില്ലയിൽ ഉണ്ടാക്കിയ ധാരണയിൽ മാറ്റം വരാതെ മുന്നണി പൊളിഞ്ഞെങ്കിൽ ആ വാക്ക് പാലിക്കാൻ അന്തസ് കാണിച്ചവരാണ് കേരളാ കോൺഗ്രസുകാർ. ആ കാര്യം ശ്രീ. കുര്യനു നിഷേധിക്കാമോ; കുര്യനു നിഷേധിക്കാൻ സാധ്യമല്ല. ആ രീതിയിൽ നെറികേട് കാണിക്കാത്ത ശ്രീ. കെ. എം. മാണി പലയിടത്തും ഭൂഷണമാണ്. ബഹുമാനപ്പെട്ട ശ്രീനിവാസനെ ഞാൻ ആദരിക്കുകയാണ് ; അദ്ദേഹത്തിന്റെ സംഭാഷണത്തിൽ പറഞ്ഞു ; വഞ്ചകരാണ്. ഈ വഞ്ചക പരിഷ്കകളെ നിലം പരിശാക്കുമെന്ന്. അടുത്ത തെരഞ്ഞെടുപ്പ് വരാൻ പോവുകയാണ്. കേരള കോൺഗ്രസെന്ന രാഷ്ട്രീയ പാർട്ടിയെ സംബന്ധിച്ചിടത്തോളം തെരഞ്ഞെടുപ്പിനെ നേരിടാൻ തയ്യാറാണ്. പക്ഷെ ഈ മുന്നണി ഗവൺമെൻറ് നിലനിർത്തേണ്ടതു ആവശ്യമാണ്. കഴിഞ്ഞ ഗവൺമെൻറ് പ്രഖ്യാപിച്ചതാണ് അത്. ചില കാര്യങ്ങളും കൂടി ഈ ഗവൺമെൻറിനു ചെയ്യേണ്ടതുണ്ട്. മിനിമം പരിപാടിയിലൂടെ പ്രഖ്യാപിച്ച ചില കാര്യങ്ങളും നടപ്പിലാക്കിയില്ല. പാവപ്പെട്ട മലയോര കർഷകർക്ക് പട്ടയം കൊടുക്കാമെന്ന വാക്ക് പറഞ്ഞിട്ട് പട്ടയം കൊടുക്കാത്തതുകൊണ്ട് ഞാനീ കാര്യം റവന്യൂ മന്ത്രിയുടെ മുമ്പാകെ അവതരിപ്പിക്കുകയാണ്. അങ്ങനെയുള്ള പ്രശ്നങ്ങളുംകൂടി ഈ ഗവൺമെൻറ് കൈകാര്യം ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സപ്പോർട്ടുകൂടി ഇല്ലാത്തിടത്ത് സപ്പോർട്ടുകൂടി കൊടുക്കാനും റെക്കഗ്നൈസ്ഡ് സപ്പോർട്ടുകളാണെങ്കിൽപോലും അത് കൊടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഈ പ്രമേയത്തെ ഞാൻ ശക്തിയായി എതിർക്കുകയാണ്.

IV. മുഖ്യമന്ത്രിയുടെ പ്രസ്താവന

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : പാർട്ടി നേതാക്കളുടെ ഒരു യോഗം സ്പീക്കറുടെ ചേംബറിൽ ചേരുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്ത വിവരം സഭയെ അറിയിക്കുവാൻ ഞാനാഗ്രഹിക്കുന്നു.

സഭ ഇപ്പോൾ ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന അവിശ്വാസപ്രമേയ ചർച്ച നാളെ അവസാനിക്കുന്നതാണ്. കൃതജ്ഞതാ പ്രമേയത്തിനുള്ള ചർച്ച ഫെബ്രുവരി 5, 8, 9 എന്നീ തീയതികളിൽ നടക്കുന്നതാണ്. പ്രസ്തുത ദിവസങ്ങളിൽ ചോദ്യോത്തരങ്ങൾ ഉണ്ടായിരിക്കുന്നതല്ല. നാളെയും തുടർന്നുള്ള

LIBRARY ARCHIVES Kerala Legislative Assembly

ദിവസങ്ങളിലും ചോദ്യോത്തരങ്ങൾ ഉണ്ടായിരിക്കുന്നതല്ല. ഫെബ്രുവരി 8, 9 തീയതികളിൽ സമ്മേളനം 9 മണിക്ക് ആരംഭിക്കുന്നതാണ്.

ശ്രീ. പി. പി. വി. മൂസ്സ : സർ, എത്ര സമയംകൂടി ഇരിക്കേണ്ടി വരും.

മി. സ്പീക്കർ : എല്ലാവരും ഇടക്ക് കയറി ചോദ്യങ്ങൾ ചോദിക്കാതിരുന്നാൽ കഴിയുന്നതും പെട്ടെന്ന് പ്രസംഗം നിറുത്താൻ സാധിക്കും. എല്ലാവരും പ്രസംഗിക്കാൻ അനുവദിച്ചിരിക്കുന്ന സമയത്തിൽ കൂടുതൽ സമയം എടുത്ത് പ്രസംഗിച്ചാൽ ആ സമയം തീരുന്നതുവരെ ഇരിക്കേണ്ടി വരും. പേയറിൽനിന്ന് ആദ്യം ചോദിച്ചു ; എല്ലാവരുടെയും സമയം കുറച്ചോട്ടെയെന്ന്, വേണ്ട, എല്ലാവരും പ്രസംഗിക്കട്ടെ ; എത്ര നേരം വേണമെങ്കിലും ഇരിക്കാമെന്ന് പറഞ്ഞു. അങ്ങനെ രണ്ടുഭാഗത്തുനിന്നും പറഞ്ഞതുകൊണ്ടാണ്, കുറച്ചു സമയം കൂടി ഇരിക്കാമെന്ന് വിചാരിച്ചത്.

ശ്രീ. ഇ. അഹമ്മദ് : പാർട്ടി നേതാക്കൻമാർ തീരുമാനിച്ച് ഒരു കൺസൻസിൽ എത്തിയതുകൊണ്ടാണ് ഇങ്ങനെയൊരു തീരുമാനമെടുത്തത്.

ശ്രീ. പി. ജെ. ജോസഫ് : പാർട്ടി ലീഡേഴ്സിന്റെ കോൺഫറൻസിൽ എടുത്ത തീരുമാനം, ചോദ്യോത്തര സമയം റദ്ദാക്കികൊണ്ട് എട്ടര മണിമുതൽ കൂടാമെന്നാണ്. അതുകൊണ്ട് ഇന്ന് കുറവ് വരുന്ന സമയം നാളെ കൊടുക്കാമെന്നും ഇന്ന് ഒന്നര മണിക്ക് പിരിയാമെന്നുമാണ് അപ്പോൾ പറഞ്ഞത്.

ശ്രീ. കെ. കരുണാകരൻ : അതിന് വിരോധമില്ല ; ഇന്ന് സംസാരിക്കാനുള്ള ബാക്കി അംഗങ്ങൾക്ക് നാളെ രാവിലത്തെ ഒരു മണിക്കൂർ കൊടുക്കാവുന്നതാണ്.

മി. സ്പീക്കർ : ഇന്ന് 2 മണിവരെ ഇരിക്കാവുന്നതാണ്. ബാക്കിയുള്ളവർക്ക് നാളെ സമയം കൊടുക്കാം.

ശ്രീ. ടി. എം. ജേക്കബ് : സർ, ഞാൻ ഈ അവിശ്വാസപ്രമേയത്തെ എതിർക്കുകയാണ്. മഹാനായ സോളമൻ പറഞ്ഞിട്ടുണ്ട് ; പന്നിയുടെ മുന്നിൽ പവിഴം വിതറരുതെന്ന്. ഈ നിയമസഭയുടെ നടപടി തുടങ്ങിയ അന്ന് നമ്മുടെ സംസ്ഥാനത്ത് കാര്യക്ഷമതയോടുകൂടി നടപ്പിലാക്കാൻ കഴിയുന്ന കാര്യങ്ങളെ സംബന്ധിച്ച് ഈ ഗവൺമെന്റിനുവേണ്ടി നയപ്രഖ്യാപന പ്രസംഗം ഇവിടെ നടത്തപ്പെട്ടു. ആ പ്രസംഗം ഉൾക്കൊള്ളാൻ സാധിക്കാതെ ഇന്നൊരു അവിശ്വാസപ്രമേയവുമായി ഇവർ ഇവിടെ വന്ന് ചർച്ചകൾ നടത്തുമ്പോൾ മഹാനായ സോളമൻ പറഞ്ഞ വാക്കുകൾക്ക് വളരെ പ്രസക്തിയുണ്ടെന്ന് എനിക്ക് തോന്നിപ്പോകുകയാണ്. ഇവിടെ അവിശ്വാസപ്രമേയം അവതരിപ്പിച്ചുകൊണ്ട് ശ്രീ. ഷൺമുഖദാസ് സംസാരിക്കുകയുണ്ടായി. ഇവിടെ ശ്രീ. കരുണാകരൻ നയിക്കുന്ന ഒരു ടീമും ശ്രീ. ഇ. കെ. നായനാർ നയിക്കുന്ന ഒരു ടീമും തമ്മിലുള്ള മൽസരം നടക്കുകയാണ്. അതിന്റെ ഒന്നാം പാദമൽസരത്തിൽ ഇതുവരെ നടന്ന കളിയിൽ ഏകപക്ഷീയമായ രണ്ടു ഗോളുകൾക്ക് കരുണാകരന്റെ ടീം മുന്നിട്ട് നിൽക്കുകയാണ്. ഈ നല്ല കളിയിൽ നല്ല മുന്നേറ്റ നിരക്കാരും നല്ല പ്രതിരോധ നിരയും ഗോൾ കീപ്പർ കാക്കുന്ന സുശക്തനായ ഒരു ഗോളിയും നല്ലൊരു ക്യാപ്റ്റനുമുള്ള ഈ ടീം ഈ കളിയിൽ ഏകപക്ഷീയമായി വിജയം കൈവരിക്കുമെന്നുള്ള കാര്യത്തിൽ ഞങ്ങൾക്ക് അൽപംപോലും സംശയമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഇതൊരു ന്യൂനപക്ഷ ഗവൺമെൻറ് ആണെന്നുള്ളതാണ് പ്രധാനപ്പെട്ട വാദം. ബഹുമാന്യനായ മുൻമന്ത്രി ശ്രീ. പി. എസ്. ശ്രീനിവാസൻ വളരെ വികാര ഭരിതനായി സംസാരിച്ചു; അദ്ദേഹം ഇന്ന് ഉപയോഗിക്കുന്ന ഈ വികാരം അദ്ദേഹം ഈ ഭരണകക്ഷി ബഞ്ചിലിരുന്നപ്പോഴും ഉപയോഗിട്ടുണ്ടോ എന്ന് ഞാൻ ചോദിക്കുകയാണ്. ഇവിടെ ഒരു ന്യൂനപക്ഷ ഗവൺമെൻറിനെ അധികാര ത്തിൽ കയറ്റിയിരിക്കുന്നു. ഇതാണ് അവരുടെ മുഖ്യമായ വാദമുഖം. സർ, ഞാനൊന്നു ചോദിക്കട്ടെ, 1979-ൽ ലോകസഭയിലുണ്ടായ സംഭവം നമുക്കറിയാം. ചരൺസിംഗിൻറെ ഒരു ന്യൂനപക്ഷ ഗവൺമെൻറിനെ അവരോധിക്കാൻവേണ്ടി ചരൺസിംഗിനോടൊപ്പം നിന്ന പാർട്ടികളല്ലെ മാർക്സിസ്റ്റ് കമ്യൂണിസ്റ്റ് പാർട്ടിയും ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടയും. അന്ന് നിങ്ങൾ ഈ പറഞ്ഞ വാദമുഖം ഉന്നയിച്ചോ? ഇൻഡ്യൻ പ്രസിഡൻറിൻറെ മുമ്പിൽ പാർലമെൻറിലെ ഈ അംഗങ്ങളെ മുഴുവൻ നിരത്തി നിറുത്തി ഭൂരിപക്ഷം തെളിയിക്കാമെന്ന് അവകാശവാദം നിങ്ങൾ ഉന്നയിച്ചിരുന്നില്ല. അതുപോലെ തന്നെ 1969-ൽ ശ്രീ. സി. അച്യുത മേനോൻ കേരളത്തിലെ മുഖ്യമന്ത്രിയായി 1967-ലെ സപ്തകക്ഷി മുന്നണി ഈ രാജ്യത്ത് തെരഞ്ഞെടുക്കപ്പെട്ടതിനുശേഷം, വളരെ വൻപിച്ച ഭൂരിപക്ഷത്തോടുകൂടി തെരഞ്ഞെടുക്കപ്പെട്ടതിനുശേഷം ആ മുന്നണിയിൽ നിന്നും സി. പി. ഐ. യും ആർ. എസ്. പി. യും മുസ്ലീംലീഗും എല്ലാം ആ മുന്നണിയിൽ നിന്ന് മാറുകയുണ്ടായി.

ആ മാറിയ കക്ഷികളെ ചേർന്നുകൊണ്ട് ഈ രാജ്യത്ത് ഒരു മന്ത്രിസഭ രൂപീകരിക്കാൻ നേതൃത്വം കൊടുത്ത പാർട്ടിയാണ്. സി. പി. ഐ. അന്ന് സി. പി. ഐ. യിലെ അച്യുതമേനോൻ കേരളത്തിൽ മന്ത്രിസഭ രൂപീകരിക്കുമ്പോൾ 134 അംഗങ്ങളുള്ള നിയമസഭയിൽ അച്യുതമേനോൻറെ കൂടെ നിന്നത് 64 അംഗങ്ങളാണ്; നിങ്ങൾക്ക് നിഷേധിക്കാൻ സാധിക്കുമോ? സർ, അന്ന് ഇവിടെ നയപ്രഖ്യാപനം നടത്തി. നന്ദി പ്രമേയം അവതരിപ്പിച്ചതിനുശേഷം, നടന്ന വോട്ടെടുപ്പിൽ കോൺഗ്രസിൻറെ 9 പേർ കൂടി വോട്ട് ചെയ്തപ്പോഴാണ് 73 ആയി ഉയർന്നത്. മഹാനായ അച്യുതമേനോൻ കേരളത്തിലുടനീളം പറഞ്ഞു നടന്നു, ഒരൊറ്റ നിമിഷം കോൺഗ്രസിൻറെ പിൻതുണയോടുകൂടി ഈ രാജ്യം ഭരിക്കാൻ ആഗ്രഹിക്കുന്നില്ല് എന്ന്. അങ്ങനെ പറഞ്ഞ ആ വ്യക്തി, അദ്ദേഹം ആ നിയമസഭയിൽ 64 പേരുമായി വന്നു. ഇപ്പോൾ ഞെളിഞ്ഞു നിന്ന് ശ്രീനിവാസൻ സംസാരിക്കുന്നു, നാണമില്ലല്ലോ? നാണമില്ലാത്തവൻറെ ആസനത്തിൽ ആലു മുളച്ചാൽ.....ഞാൻ പറയുന്നില്ല സർ അത് ഒരു തണലായിരിക്കും. അതല്ലേ ഈ രാജ്യത്ത് കാണുന്നത്.

ഈ രാജ്യത്ത് മുൻകാല കീഴ്വഴക്കങ്ങളെ മറി കടന്നുകൊണ്ട് ഒന്നും ചെയ്യാൻ ഈ ജനാധിപത്യ മുന്നണി തയ്യാറായിട്ടില്ല. ഈ രാജ്യത്ത് നില നിൽക്കുന്ന കീഴ്വഴക്കങ്ങളെ മാനിച്ചുകൊണ്ട് ഉന്നതമായ ജനാധിപത്യ മൂല്യങ്ങളെ ഉയർത്തി പിടിച്ചുകൊണ്ടാണ് ജനാധിപത്യ മുന്നണി മുന്നോട്ട് പോയികൊണ്ടിരിക്കുന്നത്. കാസ്റ്റിംഗ് വോട്ടിനെ കുറിച്ചൊക്കെ പറയുന്നുണ്ട്. തിരു-കൊച്ചി നിയമസഭയിൽ ഇതുപോലുള്ള പാരമ്പര്യങ്ങളും ഉണ്ടായിട്ടുണ്ട്. ഞാനിവിടെ ആവർത്തിക്കാൻ ആഗ്രഹിക്കുന്നില്ല. ഈ നിയമസഭ പുലർത്തിയ നമ്മുടെ ജനാധിപത്യ കീഴ്വഴക്കങ്ങളും അംഗീകരിച്ചുകൊണ്ടുമാത്രമേ ശ്രീ. കരുണാകരൻറെ മന്ത്രിസഭ മുന്നോട്ടു പോകാൻ ആഗ്രഹിക്കുന്നുള്ളൂ. ഞങ്ങളും വളഞ്ഞ വഴികളിൽ കൂടി ഒന്നും ഇവിടെ അധികാരത്തിൽ കയറിയവരല്ല. ബഹുമാന്യനായ ബേബിജോൺ ഇവിടെ ഇരിപ്പുണ്ട്. അദ്ദേഹം വളരെ പരിചയ സമ്പന്നനായ ഒരു മനുഷ്യനാണ്. അദ്ദേഹം വളരെ വികാരത്തോടുകൂടി സംസാരിക്കുന്നതു കണ്ടു. വികാരം മനുഷ്യർക്ക് സഹജമാണ്. വികാരം ഉൾക്കൊള്ളുന്നതിൽ ഞങ്ങൾക്ക് പ്രതിഷേധമില്ല. ഞാൻ ചോദിക്കട്ടെ നിങ്ങളുടെ പാർട്ടി

LIBRARY ARCHIVES Kerala Legislative Assembly

അഖിലേന്ത്യാ നയത്തിനെതിരായി തീരുമാനം എടുത്തുകൊണ്ട്, കെ. ആർ. എസ്. പി. എന്ന പേര് സ്വീകരിച്ചുകൊണ്ട് ഈ രാജ്യത്ത് മന്ത്രിസഭയിൽ ഇരുന്ന കാര്യം നിങ്ങൾ വിസ്മരിച്ചോ ? കഴിഞ്ഞ കാലങ്ങളൊന്നും വിസ്മരിക്കരുത്. ഈ രാജ്യത്ത് നടന്ന ഓരോരോ സംഭവങ്ങളെ സംബന്ധിച്ചും ആളുകൾക്ക് അറിയാം. ഞാൻ പോകട്ടെ 1969-ൽ അന്നത്തെ മന്ത്രിസഭയെ പിരിച്ചു വിടണമെന്ന് എന്തുകൊണ്ട് C. P. I. ആവശ്യപ്പെട്ടില്ല. ശ്രീ. പി. കെ. വി. വളരെ വികാരഭരിതനാകേണ്ട. കേരളത്തിൽ ശ്രീ. P. K. V. മുഖ്യമന്ത്രിയായി നേതൃത്വം കൊടുത്ത മന്ത്രിസഭയിൽ ഞങ്ങളുടെ പാർട്ടികളൊക്കെ അംഗങ്ങളായിരുന്നിട്ടുണ്ട്. ആ മന്ത്രിസഭ ഈ രാജ്യത്തിന് മാതൃകയായിരുന്നു. 1969 മുതൽ 79 വരെ ഈ രാജ്യം ഭരിച്ച ഐക്യകക്ഷികളും ഈ രാജ്യത്തിന് മാതൃക കാണിച്ചു കൊടുത്തു എന്ന് അഭിമാനത്തോടെ ഇവിടെ നിന്ന് ഞങ്ങൾക്ക് പറയാൻ സാധിക്കും. ആ പി. കെ. വി. പോലും ചില സമയങ്ങളിൽ സമനില തെറ്റിയ ആളുകളെപ്പോലെ സംസാരിക്കുന്നതിൽ ഞങ്ങൾക്ക് വളരെ ഖേദം ഉണ്ട്. അദ്ദേഹത്തെപ്പോലെ ഉന്നതനായ ഒരു വ്യക്തിയിൽ നിന്നും ഞങ്ങൾ ഒരിക്കലും ഇങ്ങനെ പ്രതീക്ഷിക്കുന്നില്ല. സി. പി. ഐ. എന്നു പറയുന്ന പാർട്ടിയിൽ അങ്ങ് ക്ഷുഭിതനാകരുത്—1965-ൽ ഇവിടെ ഒറ്റയ്ക്കൊറ്റക്ക് എല്ലാ കക്ഷികളും മൽസരിച്ചപ്പോൾ, C. P. I. 102 സ്ഥാനാർത്ഥികളെ നിറുത്തി മൽസരിപ്പിച്ചപ്പോൾ അതിൽ 99 പേർ തോറ്റു ; 62 പേർക്ക് കെട്ടി വച്ച തുക നഷ്ടപ്പെട്ടു. 3 അംഗങ്ങളെയും കൊണ്ട് നിയമസഭയിലേയ്ക്ക് മടങ്ങി വന്നു അവർ ഈ രാജ്യത്ത് സി. പി. ഐ. എന്ന രാഷ്ട്രീയ പ്രസ്ഥാനത്തിന് അഡ്രസ് ഉണ്ടാക്കി കൊടുത്തത് കേരളത്തിലെ ഐക്യജനാധിപത്യ മുന്നണിയാണെന്ന കാര്യം നിങ്ങൾ വിസ്മരിക്കരുത്. ആ രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ നേതാക്കൻമാർ ഇന്ന് മാറിയിരുന്നുകൊണ്ട് സംസാരിക്കുമ്പോൾ ഞങ്ങൾക്ക് ചിലതൊക്കെ പറയാൻ തോന്നി പോകുന്നുണ്ട്. ഈ രാജ്യത്ത് നിങ്ങൾക്കറിയാം 21 മാസക്കാലം ബഹുമാന്യനായ നായനാർ ഒരു ഭരണകൂടത്തെ നയിച്ചു. ആ ഭരണകൂടത്തിലെ പോലീസ് മന്ത്രിയായിരുന്ന വ്യക്തിയാണ് ഇവിടെ ഇരിക്കുന്ന ശ്രീ. രാമകൃഷ്ണൻ. ടി. കെ. രാമകൃഷ്ണന്റെ പോലീസ് നയം എന്തായിരുന്നു. പി. കെ. വി. ഇപ്പോൾ അബൂബേക്കർ ഇരിക്കുന്ന കസേരയിൽ ഇരുന്നുകൊണ്ട് നിരുത്തരവാദപരമായി "എനിക്ക് വാക്കുകൾ കിട്ടുന്നില്ല, ഞാൻ ഇരിക്കാൻ പോകുന്നു" എന്ന് പറഞ്ഞു. അത്രമാത്രം അക്രമങ്ങളെ നേരിടേണ്ടി വന്നു അദ്ദേഹത്തിന്റെ പാർട്ടിക്കുപോലും എന്ന് ഈ നിയമസഭാ വേദിയിൽ പറയാൻ അദ്ദേഹം മടിച്ചില്ല. ഇപ്പോൾ ശ്രീനിവാസൻ വളരെ വികാരത്തോടുകൂടി പറഞ്ഞു. അദ്ദേഹത്തിന്റെ പ്രായം ചെന്ന അമ്മയെ അസഭ്യം പറഞ്ഞ് അപമാനിച്ചു എന്ന്. അപമാനിച്ചെങ്കിൽ അത് ശരിയെന്ന് ഞാൻ പറയുന്നില്ല. പക്ഷെ നിങ്ങൾ ഒരു കാര്യം മനസ്സിലാക്കണം. ഈ രാജ്യത്ത് ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം കൊടുക്കാൻ ഒരു നയമില്ലെന്നാണ് ടി. കെ. രാമകൃഷ്ണന്റെ പോലീസ് തെളിയിച്ചത്. ഈ രാജ്യത്ത് അദ്ധ്വാനിക്കാൻ പാടത്ത് ഇറങ്ങിയ മനുഷ്യരെ വെട്ടിനുറുക്കി തുണ്ടുതുണ്ടാക്കിയ പാരമ്പര്യം ഇവിടെ ഉണ്ടായിട്ടുണ്ട്. ആ പ്രതികളെ അറസ്റ്റ് ചെയ്യാൻ നിങ്ങൾ വൈമനസ്യം കാണിച്ചു. സ്വന്തം പാടത്തും പറമ്പിലും പണി എടുക്കാൻ സാധിക്കാത്ത സാഹചര്യം ഈ രാജ്യത്ത് സൃഷ്ടിച്ചു. ടി. കെ. രാമകൃഷ്ണന്റെ കൈയിൽ കേരളത്തിലെ പോലീസ് സേന വെറും ജപ്പാൻ ബൊമ്മകളായിരുന്നു. ഇന്ന് ആ സ്ഥാനത്ത് ശ്രീമാൻ ഉമ്മൻചാണ്ടിയുടെ കൈയ്യിൽ ഉണർവും ഉൻമേഷവുമുള്ള സിംഹക്കുട്ടികളായി അവർ മാറിയിട്ടുണ്ട്. ഞങ്ങൾക്ക് അക്കാര്യത്തിൽ അഭിമാനമുണ്ട്. ഈ രാജ്യത്ത് ഇന്ന് നിങ്ങൾ തെളിയേണ്ട. ഞാനിവിടെ പഴയ പ്രസംഗങ്ങളൊന്നും വായിക്കാൻ ആഗ്രഹിക്കുന്നില്ല. സി. പി. ഐ.

LIBRARY ARCHIVES Kerala Legislative Assembly

യുടെ ആളുകൾ ഒരു കാര്യം മനസിലാക്കണം. 1970 ജനുവരി മാസം 13ാം തീയതി ഇ. എം. ജോർജ് കേരള നിയമസഭയിൽ സി. പി. ഐ. യെക്കുറിച്ച് ചില പരാമർശങ്ങൾ നടത്തിയിട്ടുണ്ട്. 75 ദിവസത്തെ ഭരണത്തിനിടയിൽ നിങ്ങൾ നടത്തിയ നരനായാട്ടിനെക്കുറിച്ചാണ് അന്ന് ഇ. എം. ജോർജ് ഇവിടെ പറഞ്ഞത്. അന്ന് നിയമസഭയിൽ നിങ്ങളെക്കുറിച്ച് അവർ പറഞ്ഞ അഭിപ്രായം ഇവിടെ ഉണ്ട്. അതുപോലെതന്നെ പി. കെ. വി. യുടെ പാർട്ടിയെക്കുറിച്ച്, സി. പി. ഐ. യെക്കുറിച്ച് 1970 മാർച്ച് മാസം 23-ാം തീയതി ഇ. എം. എസ്. പറഞ്ഞ കാര്യവും ആ നിയമസഭാ നടപടികളുടെ പകർപ്പും എന്റെ കൈയിൽ ഉണ്ട്. സമയമില്ലാത്തതുകൊണ്ട് ഞാൻ വായിക്കാൻ ആഗ്രഹിക്കുന്നില്ല. നിങ്ങളെക്കുറിച്ച് ഏത് നിലയിൽ അദ്ദേഹം ചിത്രീകരിച്ചു എന്നത് ഈ രാജ്യത്ത് ജനങ്ങൾ കണ്ടുകൊണ്ടിരിക്കുകയാണ്. ഇവിടെ പോലീസ് മർദ്ദനങ്ങളെക്കുറിച്ച് നിങ്ങൾ പറഞ്ഞു, ലോക്കപ്പ് മർദ്ദനങ്ങളെക്കുറിച്ച് നിങ്ങൾ പറഞ്ഞു. ഭുവനേന്ദ്രന്റെയും രാജന്റെയും രാജപ്പന്റെയും ചിന്നസ്വാമിയുടെയും പോരയുടെ കാര്യങ്ങളും ആ ഇരിക്കുന്ന ടി. കെ. രാമകൃഷ്ണന്റെ കൈയിൽ ഇല്ലേ? നിങ്ങൾ ആ കൈ ഒന്ന് പരിശോധിക്കണം. ഭുവനേന്ദ്രനെ ലോക്കപ്പിലിട്ട് തല്ലിക്കൊന്നിട്ട് ഇറങ്ങിപ്പോകുന്നതിനുമുമ്പ് അതിന് കാരണക്കാരായ പോലീസ് ഉദ്യോഗസ്ഥൻമാരെ റീയിൻസ്റ്റേറ്റ് ചെയ്തു. ഇപ്പോൾ നിങ്ങൾ രാജ്യത്ത് മുഴക്കുന്ന മുദ്രാവാക്യം, വിപ്ലവം. ഒരു രാജൻ സംഭവത്തിന്റെ പേരിൽ ഈ രാജ്യത്ത് ഭരണ സിംഹാസനത്തിൽനിന്നും ഇറങ്ങി പോയ ആളാണ് ശ്രീമാൻ കരുണാകരൻ. ആ ഉന്നത പാരമ്പര്യം അദ്ദേഹം പുലർത്തി. നടപടികൈക്കൊള്ളുവാൻ വിധേയരായ പോലീസ് ഉദ്യോഗസ്ഥൻമാർ ഈ അടുത്ത ദിവസം വരെയും നിയമകോടതികളുടെ വരാന്തകളിൽ കയറി ഇറങ്ങിയ സാഹചര്യം കേരളത്തിലെ ജനങ്ങൾ കണ്ടു. ഇതൊക്കെ വിസ്മരിച്ചുകൊണ്ട് നിങ്ങൾ ഈ നിലപാടുമായി പോകുന്നത് ശരിയല്ല. ഒരു വാക്കുകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. "അങ്ങാടിയിൽ തോറ്റതിന് അമ്മയോട്" എന്ന സമീപനം കൊള്ളുകയില്ല. നിങ്ങൾ കേരളത്തിലെ ജനകീയ മന്ത്രിമാർ സഞ്ചരിക്കുന്ന സ്ഥലത്തിൽ കരിങ്കൊടി കാണിച്ചു, ഞങ്ങൾക്ക് അതിൽ കുണ്ഠിതമില്ല. നായനാരുടെ ഗവൺമെന്റ് അകാലത്തിൽ മരണമടഞ്ഞ ഒരു ഗവൺമെന്റാണ്. ആ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തിക്കൊണ്ട് കരിങ്കൊടി അവിടെ ഉയർത്തിയതിൽ ഞങ്ങൾക്ക് കുണ്ഠിതമില്ല. പക്ഷേ കണ്ണൂർ യുവജനോൽസവത്തിന് വന്ന പിഞ്ചുകുഞ്ഞുങ്ങളുടെ നേരെ നിങ്ങൾ നടത്തിയ അക്രമം പോലീസ് അവിടെ ലാത്തിച്ചാർജ് നടത്തിയപ്പോൾ ആര് കല്ലെറിഞ്ഞു, ആര് ആസിഡ് ബോംബ് എറിഞ്ഞു എന്ന് നോക്കാൻ സാധ്യമല്ല. അവിടെ എത്രയോ നിരപരാധികൾക്ക് മർദ്ദനം ഏൽക്കേണ്ടതായി വന്നു. അതിന് കാരണക്കാർ ആരാണ്? അവിടെ ഇരിക്കുന്ന എം. വി. രാഘവനെപ്പോലുള്ള ആളുകളാണ്. പറയാതിരിക്കാൻ സാധ്യമല്ല. ഈ രാജ്യത്തെ ജനങ്ങളെ സംബന്ധിച്ച് പറയുമ്പോൾ ഇന്ന് അവർക്ക് സംരക്ഷണബോധം ഉണ്ടായിരിക്കുന്നു. രാവും പകലുംപോലുള്ള വ്യത്യാസം ഒരു മാസത്തെ ഭരണംകൊണ്ട് ഈ കേരളത്തിൽ കാഴ്ചവയ്ക്കാൻ സാധിച്ച ജനാധിപത്യ മുന്നണി ജനങ്ങളെ നേരിടാൻ വമ്പിച്ച ഭൂരിപക്ഷത്തോടുകൂടി ഇവിടെ മടങ്ങിവരുമെന്ന കാര്യത്തിൽ ഞങ്ങൾക്ക് അൽപംപോലും സംശയമില്ല. നമ്മുടെ രാജ്യത്ത്, നിങ്ങൾക്കറിയാം 1969-ൽ അച്യുതമേനോന്റെ ഗവൺമെന്റിനെതിരെ ഈ രാജ്യത്ത് സമരം നടത്തി സി. പി. എം. കാർ. അന്ന് ബസ്സിൽ അള്ളു വച്ച്, മട്ടന്നൂരിൽ ഒരു ബസ്സിനുള്ളിൽ വച്ച് നിരപരാധികളായ ആളുകളെ ചുട്ടുചാരമാക്കി നിങ്ങളുടെ വിപ്ലവം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കൊട്ടാരക്കരക്കടുത്ത് ഒരു ട്രാൻസ്പോർട്ട് ബസ് നിങ്ങൾ കത്തിച്ചു. ഗവർമെന്റിനെതിരെ സമരം നടത്തി. നായനാർ

LIBRARY ARCHIVES Kerala Legislative Assembly

സർക്കാരിനെതിരെ ഞങ്ങൾ സമരം ചെയ്തപ്പോൾ, അക്രമം നടത്താൻ, അനീതി നടത്താൻ നിയമം കൈയിലെടുത്തുകൊണ്ട് ഗവൺമെൻറിനു് എതിരെ നീങ്ങാൻ ഞങ്ങൾ, ജനാധിപത്യ മുന്നണി പ്രവർത്തകരെ ആഹ്വാനം ചെയ്തില്ല. നിങ്ങളുടെ അക്രമങ്ങളും അനീതികളും കണ്ട കേരളത്തിലെ ലക്ഷക്കണക്കി നാളുകളുടെ പിന്തുണയും സഹകരണവും ഈ മന്ത്രി സഭയ്ക്കുണ്ട്. ഐക്യ ജനാധിപത്യമുന്നണി നാളെ ഈ നിയമസഭയിൽ ഞങ്ങളുടെ ഭൂരിപക്ഷം തെളി യിക്കും. ''അൽപ്പ വിശ്വാസികളാകരുത് നിങ്ങൾ'' എന്നു് ശിഷ്യൻമാരോടു് യേശുക്രിസ്തു പലതവണ പറഞ്ഞു. ഞങ്ങൾക്ക് പൂർണ്ണമായ ഉറപ്പുണ്ട് ഈ നിയമസഭയിൽ, ഞങ്ങൾ ഭൂരിപക്ഷം തെളിയിക്കും ; ഞങ്ങൾ തെളിയിക്കാൻ പോവുകയാണ്. നാളെ ഉച്ചവരെ കാത്തിരിക്കാനുള്ള സൗമനസ്യമെങ്കിലും കാണി ക്കുക; അണികളോടു് ശാന്തരായി ഇരിക്കാൻ പറയുക, അക്രമം കാണിച്ചു കൊണ്ട്, നിയമം കൈയിലെടുത്തുകൊണ്ട് ഈ രാജ്യത്ത് മുൻകാലങ്ങളിൽ നടത്തിയ അക്രമങ്ങൾ വീണ്ടും ആരംഭിക്കാനാണെങ്കിൽ അതിനെ അംഗീകരി ക്കാൻ ഈ ഗവൺമെൻറ് തയ്യാറാവുകയില്ലെന്ന പ്രതീക്ഷ എനിക്കുണ്ട്. ഞാൻ അവസാനിപ്പിക്കുന്നു. അനവസരത്തിൽ കൊണ്ടു വന്ന ഈ അവിശ്വാസപ്രമേ യത്തെ ശക്തിയായി എതിർത്തുകൊണ്ട് ഞാൻ എൻറെ വാക്കുകൾ അവസാ നിപ്പിക്കുന്നു.

ശ്രീ. എ. കെ. ശശീന്ദ്രൻ : സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന അവി ശ്വാസപ്രമേയത്തെ ഞാൻ ശക്തിയായി അനുകൂലിക്കുകയാണ്. അതിനു മുമ്പ് എനിക്ക് ബഹുമാനപ്പെട്ട സ്പീക്കറോടു് ഒരപേക്ഷയുണ്ട്. എൻറെ സ്നേഹിതൻ ശ്രീ. ഹസ്സൻ ഇവിടെ സംസാരിച്ചപ്പോൾ അദ്ദേഹം ഇടതു പക്ഷജനാധിപത്യമുന്നണി വിട്ട് ഓടുന്നതിനിടയിൽ അദ്ദേഹത്തിൻറെയും കൂട്ടുകാരുടെയും മുണ്ട് നഷ്ടപ്പെട്ടുപോയി എന്നു പറഞ്ഞു. അവരെ അങ്ങനെ വസ്ത്രരഹിതരാക്കി നിറുത്തുന്ന ഒരവസ്ഥ ഉണ്ടാകാൻ പാടില്ല. ദയവായി സ്പീക്കർ അദ്ദേഹത്തിൻറെ ഫണ്ടിൽ നിന്നോ അല്ലെങ്കിൽ സംഭാവന പിരിച്ചോ അവർക്ക് ഓരോ മുണ്ട് വാങ്ങിച്ചുകൊടുക്കണം. തൻറെ പാർട്ടിയുടെ ദയനീയമായ അവസ്ഥ, വസ്ത്രരഹിതമായ ദയനീയാവസ്ഥ ഇവിടെ വെളിപ്പെടുത്തിയതിനു് അദ്ദേഹത്തിനു് ഞാൻ നന്ദി പ്രകാശിപ്പി ക്കുന്നു.....(ബഹളം).

സർ, ഈ മന്ത്രിസഭ എന്തിനാണ് വിശ്വാസ വോട്ട് തേടിയതെന്നു് എനി ക്കറിയില്ല. കാരണം അവർ ഭരിക്കാൻ ഉദ്ദേശിക്കുന്നില്ല. ഭരിക്കാൻ ഉദ്ദേശി ക്കാത്ത ഒരു ഗവൺമെൻറിനെ എങ്ങനെയാണു് അനുകൂലിക്കുക. ഭരിക്കാൻ ഉദ്ദേശിക്കുന്നവർക്കല്ലേ പിന്തുണ ആവശ്യം. ഭരിക്കാൻ ഉദ്ദേശിക്കാത്തവർക്കു് പിന്തുണ ആവശ്യമില്ല. ഇവർ ഇവിടെ ഭരിക്കുന്നത് എന്തിനാണു്? തെരഞ്ഞെ ടുപ്പു നടത്താൻ. തെരഞ്ഞെടുപ്പ് എങ്ങനെ നടത്തണം? അഞ്ചെട്ടു മന്ത്രി മാർക്കു് കാറും ഓഫീസും ഫോണും മറ്റെല്ലാ സൗകര്യങ്ങളും ഉപയോഗിച്ചു് തെരഞ്ഞെടു പ്പു നടത്തണം. അതിനർത്ഥം തെരഞ്ഞെടുപ്പിൽ സ്വാധീനം ഉപയോഗിച്ചു്, എൻറെ ബഹുമാന്യനായ സീതിഹാജി പറഞ്ഞതുപോലെ 140 സീറ്റും പിടി ച്ചെടുക്കണം. അങ്ങനെ അഴിമതി നടത്തി 140 സീറ്റും പിടിച്ചെടുക്കാൻ വേണ്ടിയാണു് ഇവർ തെരഞ്ഞെടുപ്പു് നടത്താൻ പോകുന്നത്. ആ സൗകര്യം സൃഷ്ടിക്കുന്നതിനുവേണ്ടി ഈ ഗവൺമെൻറിനെ സഹായിക്കുക എന്ന മഹനീ യമായ ജനാധിപത്യത്തിൻറെ വിളി എൻറെ സ്നേഹിതൻ ഹസ്സൻ കേട്ടതു കൊണ്ടാണു് ഹസ്സൻ ജനാധിപത്യം സംരക്ഷിക്കാൻ അവിടിരുന്നത്. അത്രയും വേണമായിരുന്നുവോ പ്രിയപ്പെട്ട ഹസ്സൻ എന്നുമാത്രമേ എനിക്കു ചോദി ക്കാനുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഡൽഹിയിൽ ഇപ്പോഴും നടക്കുന്നത് മുഗൾ ഭരണത്തെ നാണിപ്പിക്കുന്ന വൃത്തികെട്ട ഭരണമാണ്. അക്കാലത്ത് നടക്കാത്ത അന്തഃപുര നാടകങ്ങളാണ് അവിടെ നടക്കുന്നത്. ആ വൈതാളിക ഭരണം കരുണാകരന്റെ നേതൃത്വത്തിൽ കേരളത്തിൽ ഇല്ലാതിരിക്കുന്നതിനുവേണ്ടിയാണ് ഞങ്ങളും ഇവിടെ കരുണാകരനെ തോൽപ്പിച്ച് ഭരണകക്ഷിയായി പ്രവർത്തിക്കുന്നത്, ഇത് ആരാണ് പറഞ്ഞതെന്ന് അറിയാമോ? അന്നത്തെ എന്റെ പാർലമെന്ററി പാർട്ടിനേതാവ് ശ്രീമാൻ ഉമ്മൻചാണ്ടി. ആ വൈതാളിക ഭരണം ഇപ്പോഴും നടക്കുന്നില്ല എന്ന നിഗമനത്തിലാണോ ഉമ്മൻചാണ്ടി എത്തിച്ചേർന്നത് എന്ന് എനിക്കറിയില്ല. ആ വൈതാളിക ഭരണം മാറി ആ നിഗമനത്തിലാണ് ഉമ്മൻചാണ്ടി എത്തിച്ചേർന്നത് എന്നാണ് ഞാൻ മനസിലാക്കുന്നത്. ആ വൈതാളിക ഭരണം ഇവിടെ തുടരുന്നതിനുവേണ്ടിയാണ് എന്റെ സ്നേഹിതൻ ഉമ്മൻചാണ്ടിയും സഹപ്രവർത്തകരും കരുണാകരന് പട്ടും വളയും നൽകിയിരിക്കുന്നതെന്നാണോ ഞങ്ങളും വിശ്വസിക്കേണ്ടത്. അതാണോ ജനാധിപത്യ സംരക്ഷണം. ആ ജനാധിപത്യം സംരക്ഷിക്കുന്നതിനുവേണ്ടിയാണ്, അക്രമത്തിൽ നിന്നും ഈ നാട്ടിനെ സംരക്ഷിക്കുന്നതിനുവേണ്ടിയാണ് ഹസ്സൻ അങ്ങോട്ടു പോയത്. ഇവിടെ അക്രമത്തിന്റെ കഥ ഞാൻ വിശദീകരിക്കുന്നില്ല. അക്രമത്തിൽനിന്നും ഈ നാട്ടിനെ മോചിപ്പിച്ച്, വളരെ സമൃദ്ധമായ ക്രമസമാധാന നില. ഇപ്പോഴും എന്താണ് നമ്മുടെ നാട്ടിലെ ക്രമസമാധാന നില? വളരെ ഭദ്രമായി നടക്കുന്നു ഇന്ദിരാഗാന്ധിയുടെ ഭരണത്തിൻ കീഴിൽ. അപ്പോഴും ഇന്ദിരാഗാന്ധിയുടെ അരുമശിഷ്യൻ കരുണാകരൻ ഇവിടെ ഭരിക്കുമ്പോഴുള്ള ക്രമസമാധാനനിലയെക്കുറിച്ച് ഞാൻ ഇവിടെ പറയുന്നില്ല.

ആദിവാസികളെക്കുറിച്ച് സീതിഹാജി ആവേശംകൊണ്ടു. 5 നിമിഷം കൊണ്ട് ആദിവാസികളെ കൊന്ന പ്രതിയെ പിടിച്ചു എന്നു പറഞ്ഞു. ഞാൻ അവിടെ പോയിരുന്നു സർ, പക്ഷേ, അദ്ദേഹത്തിന് ഭ്രാന്താ ആർക്ക് പ്രതിക്ക്, ഭ്രാന്തൻ ഒരാളെ കൊലപ്പെടുത്തിയാൽ എന്തായിരിക്കും ശിക്ഷ. അങ്ങേയ്ക്ക് അറിയാമല്ലോ? പക്ഷേ ആ മനുഷ്യന് ഭ്രാന്തുണ്ടോയെന്നന്വേഷിക്കാൻ, ആ മനുഷ്യൻ ഭ്രാന്തനാണെന്ന് തെളിയിക്കാൻ ഈ നാട്ടിൽ സംവിധാനങ്ങളില്ലെന്നാണോ? പ്രതിക്ക് ഭ്രാന്താണെന്ന് ചിത്രീകരിച്ച്, ഭ്രാന്തിന്റെ പട്ടം നൽകി പ്രതിയെ പിടിച്ചിരിക്കുന്നു. ശിക്ഷയില്ല. ഭ്രാന്തനെ ശിക്ഷിക്കാൻ എങ്ങനെയാണ് സാധിക്കുക? അതൊക്കെ നിയമത്തിന്റെ കാര്യങ്ങളാണ്. അത് എനിക്കറിയില്ല. അത് നിയമ വിദഗ്ദ്ധൻമാർക്ക് വിട്ടിരിക്കുന്നു.

ഇന്ത്യയിൽ പ്രതിപക്ഷ രാഷ്ട്രീയ കക്ഷികളെ തകർക്കുകയും ഭിന്നിപ്പിക്കുകയും ചെയ്യുകയെന്നതാണ് കേന്ദ്രം തുടരുന്ന നയം.

ശ്രീ. എം. എം. ഹസ്സൻ : സർ, വയനാട്ടിൽ ആദിവാസികളെ കൊലപ്പെടുത്തിയ സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തി കേസ് രജിസ്റ്റർ ചെയ്യുകയും ചാർജ് ചെയ്യുകയും ചെയ്തുകൊണ്ടിരിക്കുന്ന സമയത്ത് കുറെ വാളികളെ കണ്ടുപിടിക്കത്തക്ക തരം അന്വേഷണം നടത്തുന്നതിന് സഹായകരമല്ലാത്ത നിലയിൽ, ആ കേസ്സിനെക്കുറിച്ച് ഇവിടെ പരാമർശിക്കുന്നത് ശരിയാണോ സർ?

ശ്രീ. എം. കെ. ശശീന്ദ്രൻ : ഇന്ത്യയിൽ പ്രതിപക്ഷ രാഷ്ട്രീയ കക്ഷികളെ ഭിന്നിപ്പിക്കുകയും, പ്രതിപക്ഷരാഷ്ട്രീയ പ്രസ്ഥാനങ്ങളെ തമ്മിലടിപ്പിക്കുകയും ചെയ്യുക എന്ന നയമാണ് കേന്ദ്രം ഭരിക്കുന്ന രാഷ്ട്രീയ കക്ഷി സ്വീകരിച്ചിട്ടുള്ളത്. ആ നയത്തിന്റെ ഭാഗമായി, അതിന് വിധേയരായിത്തീർന്നത് കേരളത്തിലെ ജനതാ പാർട്ടിയിലെ സുഹൃത്തുക്കളാണ്. അതിന്റെ ഫലമായിട്ടാണ് കേരളത്തിന്റെ രാഷ്ട്രീയ സംവിധാനത്തിൽ പുതിയൊരു മാറ്റം

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടായത്. ആ സംവിധാനത്തിന് കൂട്ടുനിൽക്കാൻ, ജനാധിപത്യത്തെക്കുറിച്ച് വാതോരാതെ പ്രസംഗിക്കുകയും ഇപ്പോഴും ജനാധിപത്യം സംരക്ഷിക്കാൻ നടക്കുകയും ചെയ്യുന്ന ആളുകൾക്ക് ഒരു മടിയുമില്ലാതെ പോയല്ലോ എന്ന് ഞാൻ അവരുടെ പ്രസംഗങ്ങൾ കേട്ടപ്പോൾ സംശയിച്ചുപോയി. സർ, ഇന്ദിരാ സർക്കാരിന്റെ രാഷ്ട്രീയ നിലപാടുകൾ എന്താണ്? ന്യൂനപക്ഷ സർക്കാരുകളെ അധികാരത്തിൽ കയറ്റുക, അത് ജനാധിപത്യത്തിന്റെ മഹനീയ മാതൃകയല്ലേ. ബഹുമാന്യനായ സഭാനേതാവ് ഇവിടെ പറഞ്ഞു, എന്തുകൊണ്ട് നിങ്ങൾക്ക് ഭൂരിപക്ഷം തെളിയിച്ചു കൂടായെന്ന്? ഞങ്ങൾ ഭൂരിപക്ഷം തെളിയിച്ചിട്ട് അതിന് അനുവദിച്ചോ? ഞങ്ങൾ ഭൂരിപക്ഷം കാണിച്ചിട്ട് അതിന് അനുവാദം തന്നോ? അതിന് അനുവാദം നൽകാതെ ഇവിടെ നിങ്ങൾക്ക് ഭൂരിപക്ഷം തെളിയിച്ചുകൂടെ എന്ന പുതിയ തിയറി ജനാധിപത്യത്തിന്റെ പുതിയ തിയറിയായിരിക്കും. ആ തിയറിയാണോ നിങ്ങൾ ഇവിടെ അവതരിപ്പിക്കാൻ പോകുന്നത്? ഇവിടെ 1980-ലെ തെരഞ്ഞെടുപ്പിൽ ജനങ്ങളുടെ മാൻഡേറ്റ് എന്തായിരുന്നു? ജനവിധിയെ മാനിക്കുന്നവരും ജനങ്ങൾക്കു വേണ്ടി വാദിക്കുന്നവരും അല്ലേ നിങ്ങൾ? ജനങ്ങളുടെ മാൻഡേറ്റ് ശ്രീമാൻ കരുണാകരൻ ഉൾപ്പെടെയുള്ള ആർ. എസ്. എസ്. ഉൾക്കൊള്ളുന്ന പാർട്ടികളെ പ്രതിപക്ഷത്ത് ഇരുത്തണമെന്നാണ്. എന്നിട്ട് ആർ. എസ്. എസുമായി, നിങ്ങൾ ആരൊക്കെയുമായോ കൂട്ടുകൂടാൻ പോകുന്നുയെന്ന് പറയുന്നു. ആർ. എസ്. എസ്സിന്റെ വോട്ടു വാങ്ങിച്ചവരല്ലേ അവിടെ ഇരിക്കുന്നത്, അവരെയല്ലേ നിങ്ങൾ മന്ത്രിമാരാക്കിയിരിക്കുന്നത്. ആ മന്ത്രിമാരെ ഇരുത്തിയിട്ട് ശ്രീ. സീതി ഹാജി പറഞ്ഞു. മോശം (ആ വാക്കുകൾ ഞാൻ ഉപയോഗിക്കുന്നില്ല) അതല്ലേ ചെയ്തത്? ആ ജനവിധിയുടെ അടിസ്ഥാനത്തിൽ, ആരാണ് ഈ രാജ്യം ഭരിക്കേണ്ടത് എന്ന്, ജനങ്ങൾ തീരുമാനിച്ചതല്ലേ? അങ്ങനെ തീരുമാനിച്ചവർ ആരൊക്കെ ഭരിക്കാൻ പാടില്ലെന്ന് ജനങ്ങൾ തീരുമാനിച്ചോ, എന്തൊരു വിരോധാഭാസമാണ് ഇവിടെ നടക്കുന്നത്. ആ വിരോധാഭാസത്തിന് കാരണമെന്താണ്? അതിന് കാരണം, എന്റെ പഴയ കാല നേതാവ് ശ്രീമാൻ എ. കെ. ആൻറണിയും. എന്റെ പഴയകാല നേതാവ് ശ്രീമതി കമലയേടത്തിയും കാലുമാറി മൽസരത്തിൽ റിക്കോർഡു സ്ഥാപിക്കുന്നതിനു വേണ്ടി നടത്തുന്ന ഓട്ടമൽസരം കൊണ്ടല്ലേ അത് ഉണ്ടായിരിക്കുന്നത്. ആ ഓട്ട മൽസരം നടത്തുന്നതിനിടയിൽ ജനാധിപത്യമൂല്യങ്ങൾ ഇവിടെ സംരക്ഷിക്കപ്പെടുകയല്ലേ? ഏത് ജനാധിപത്യ മൂല്യമാണ്; സംരക്ഷിക്കുന്നതെന്ന് എനിക്കറിയില്ല. ശ്രീ. സീതി ഹാജി വികാരഭരിതനായി മഹാത്മാഗാന്ധിയുടെയും പണ്ഡിറ്റ് ജവഹർലാൽ നെഹ്രുവിന്റെയും ജനാധിപത്യമൂല്യങ്ങളെക്കുറിച്ച് പറഞ്ഞു. അതിന് അവർ സീതി ഹാജിക്ക് മാപ്പ് കൊടുക്കട്ടെയെന്ന് മാത്രമേ എനിക്ക് പറയാനുള്ളൂ. മറ്റൊന്നും എനിക്കു പറയാനില്ല. നായനാർ സർക്കാരിന്റെ ജനാധിപത്യവിരുദ്ധ നയങ്ങൾക്കെതിരായാണ് ഇവരൊക്കെ ഇടതുപക്ഷ ജനാധിപത്യ മുന്നണി വിട്ടു പോയിരിക്കുന്നത്. അവർക്ക് വമ്പിച്ച ജന പിന്തുണയുണ്ടെന്നാണ് സീതിഹാജി പറയുന്നത്. 127 സീറ്റോ മറ്റോ അവർക്കു കിട്ടുമെന്നാണ് അവർ പറയുന്നത്. അങ്ങനെയാണെങ്കിൽ ആ സീറ്റു കിട്ടുന്നതിനുവേണ്ടി എന്തിനാണ് നിങ്ങൾ ഇവിടെയൊരു ബലപരീക്ഷണമൊക്കെ നടത്തുന്നത്. അന്തസ്സുണ്ടെങ്കിൽ രാജിവച്ചു ജനവിധി തേടാൻ തയ്യാറാകണം. ജനവിധിയറിയുന്ന കുരുക്ഷേത്രത്തിൽ വച്ചുകൊണ്ട് ജനങ്ങളുടെ മുമ്പിൽ വാഗ്ദാനങ്ങൾ നൽകി ജനങ്ങളോട് പറഞ്ഞ കാര്യങ്ങളിൽ ഉറച്ചുനിന്നുകൊണ്ട് വോട്ടു തേടാൻ ഭരണകക്ഷി തയ്യാറുണ്ടോ? തയ്യാറുണ്ടെങ്കിൽ ആ കുരുക്ഷേത്രത്തിൽ വച്ചു നമുക്കു കാണാം എന്നു മാത്രമേ എനിക്കു പറയാനുള്ളൂ. കുരുക്ഷേത്രത്തിൽ വച്ചു ഏറ്റുമുട്ടുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങളാരും കാലുവാരരുതെന്നു മാത്രമേ എനിക്കു പറയാനുള്ളു. കാലുമാറ്റത്തിലൂടെ ജനവഞ്ചനയിലൂടെ ജനങ്ങളുടെ മാൻഡേറിനു് വിരുദ്ധമായി കൃത്രിമമായി അധികാരത്തിൽ വന്ന ഈ ഗവൺമെൻറിനെതിരെ അവതരിപ്പിച്ചിരിക്കുന്ന ഈ അവിശ്വാസ പ്രമേയത്തെ അനുകൂലിക്കണമെന്നു് ഭരണകക്ഷിയോടുകൂടി അപേക്ഷിച്ചുകൊണ്ടു് എൻെറ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. സി. എസ്. നീലകണ്ഠൻ നായർ : സർ, ഞാൻ ഈ പ്രമേയത്തെ എതിർക്കുകയാണു്. എനിക്കു മുമ്പു സംസാരിച്ച ശ്രീമാൻ ശശീന്ദ്രൻ പറഞ്ഞ അഭിപ്രായമാണു്; എനിക്കും തോന്നിയത്. എന്തിനുവേണ്ടിയാണു് ഇങ്ങനെ ഒരു പ്രമേയം ഇവിടെ അവതരിപ്പിച്ചത് എന്നുള്ളതാണു്. അദ്ദേഹം വിശ്വാസ പ്രമേയം എന്തിനു് എന്നു് ചോദിച്ചു ഞാൻ കൂട്ടിച്ചേർക്കുകയാണു്. ഈ അവിശ്വാസ പ്രമേയം എന്തിനു് എന്നു്. കാരണം, 30 ദിവസത്തിനകം ഈ രാജ്യത്തു് ഈ മന്ത്രിസഭ ഇത്ര വലിയ അപകടങ്ങൾ എന്തെങ്കിലും ചെയ്തുതീർത്തിട്ടുണ്ടോയെന്നു ചോദിച്ചാൽ, ഒന്നുമില്ല. പിന്നെ ഞങ്ങൾ മനസ്സിലാക്കിയത് ഒരു പക്ഷേ അന്നത്തെ സ്പീക്കർക്കെതിരായിട്ടു് ഒരു അവിശ്വാസ പ്രമേയം വന്നപ്പോൾ അതിനു് ഒരു ''ടിറ്റ്ഫാർ ടാറ്റ്'' എന്ന രീതിയിൽ ഒരു അവിശ്വാസ പ്രമേയത്തിനു് ശ്രീമാൻ പങ്കജാക്ഷൻ നോട്ടീസ് കൊടുത്തുയെന്നാണു്. നേരെ മറിച്ചു് ഇവിടെ വന്നപ്പോൾ കേൾക്കുന്നത് അതല്ല. ഈ മന്ത്രിസഭയ്ക്കു ഭരിക്കാനുള്ള ഭൂരിപക്ഷം ഇല്ല, അതുകൊണ്ടാണു് അവിശ്വാസ പ്രമേയം കൊണ്ടുവരുന്നതെന്നാണു്. ഇതു് വളരെ വിചിത്രമായ വാദം തന്നെയാണു്. കാരണം, എങ്ങനെ ആരെയാണു്, ഭൂരിപക്ഷം തെളിയിക്കേണ്ടതു്. ഗവർണ്ണറെ തെളിയിച്ചു കഴിഞ്ഞു. അന്നു് ഇവിടെ സ്പീക്കർ ഉള്ളപ്പോൾ പ്രതിപക്ഷത്തു് വെറും 67 പേർ മാത്രമേ ഉണ്ടായിരുന്നുള്ളു സർ, അന്നു് 68 പേർ തീർച്ചയായിട്ടും അസന്നിഗ്ദ്ധമായി ഒരു ഗവൺമെൻറ് രൂപീകരിക്കാനുണ്ടായിരുന്നു. 141-ൻെറ കണക്കല്ല. സർ, അന്നു് ജനതാപാർട്ടിയുടെ 5 പേർ അന്നു് എന്താണു് പറഞ്ഞത്? ഞങ്ങൾ ഒരു ഗവൺമെൻറിനെ തീർച്ചയായും നിലനിർത്തുന്നതിനു് വേണ്ട നിലപാടു് സ്വീകരിക്കുമെന്നു് അന്നു് പറഞ്ഞു. സർ, അവർ ഇങ്ങനെ ''കൽദാത്തെ'' ഫാർമുല എന്നു് പറഞ്ഞു് അതിനു് എന്തോ പറയും, ശിഖണ്ഡിയുടെ ഫാർമുല എന്തൊക്കെ പറഞ്ഞാലും അതു ഞങ്ങൾ വിശ്വസിച്ചു. കാരണം, അവർ കുറെക്കാലം അപ്പുറത്തിരിക്കുന്ന ഇടതുപക്ഷ മുന്നണിയിലെ പ്രമുഖനേതാക്കൻമാരായ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയുമായി ഈ രാജ്യത്തു് നടന്നു പക്ഷേ, കഴിഞ്ഞ തെരഞ്ഞെടുപ്പു വന്നപ്പോൾ അവരെ കൈ ഒഴിഞ്ഞു. മാർക്സിസ്റ്റു പാർട്ടിയെ വിട്ടിട്ടു് ജനാധിപത്യമുന്നണിയിൽ ഞങ്ങളുടെ ചേരിയിലേക്കു് കടന്നുവന്നവരാണു് അവർ. ഞങ്ങളുടെ വോട്ടാണു് അവർ വാങ്ങിച്ചു് ഇന്നു് നിയമസഭാസാമാജികൻമാർ ആയിരിക്കുന്നതു്. അങ്ങനെ വന്ന ആളുകൾ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയുടെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ എതിർത്തു. എതിർത്ത ആളുകൾക്കു് എന്തവകാശം സർ, ഇവിടെ ഇരിക്കുന്ന ജനാധിപത്യമുന്നണിയെ കുറ്റം പറയാൻ. അങ്ങനെ പറഞ്ഞപ്പോൾ ആരാണു് സർ, വിശ്വസിക്കാത്തത്? ഈ രാജ്യത്തു് ഇതേക്കുറിച്ചു് എൻെറ പ്രിയപ്പെട്ട സുഹൃത്തു് ചന്ദ്രശേഖരൻ കൃഷ്ണൻകുട്ടിയേക്കാൾ കൂടുതൽ അറിയാം. ഇന്നു് അദ്ദേഹത്തിൻെറ കൂടെയിരിക്കുന്ന ജനതാപാർട്ടിക്കാരനായി മാറിയ ശ്രീ. പി. ആർ. കുറുപ്പും അന്നു് എം. എൻ. ഗോവിന്ദൻനായരും ബേബി ജോണിൻെറ നേതാവായ ടി. കെ. ദിവാകരനും ഇവിടെ ചെയ്ത പ്രസംഗം ഞാനും കേട്ടുകൊണ്ടിരുന്നതാണു് സർ. ഈ മാർക്സിസ്റ്റു പാർട്ടിയുടെ നേതൃത്വത്തിലുള്ള ഒരു ഗവൺമെൻറിൽ പങ്കാളികളായിരുന്ന ആ നേതാക്കൻമാർ ചെയ്ത പ്രസംഗം

LIBRARY ARCHIVES Kerala Legislative Assembly

എന്റെ സുഹൃത്ത് ശ്രീമാൻ ഹസ്സൻ ഇവിടെ കേംപ്ലിച്ചത് വസ്തുനിഷ്ഠമായ ഒരു സംഗതിയാണ് സർ. അങ്ങനെയുള്ള ഒരു മുന്നണിയിൽ തുടരാൻ കഴിയാതെ പോയെങ്കിൽ അതിന് ആരാണ് സർ കുറ്റക്കാരൻ? എന്റെ സുഹൃത്ത് ശ്രീ. സി. ബി. സി. വാര്യർ, ശ്രീമാൻ എ. കെ. ആൻറണിയുടെ പ്രസംഗത്തിന്റെ ചില ഭാഗങ്ങളും വായിച്ചു. പക്ഷേ അതു കഴിഞ്ഞ് അദ്ദേഹം വായിച്ചില്ല. ശ്രീ. എ. കെ. ആൻറണി പഴവങ്ങാടി മൈതാനത്ത് വന്നുനിന്ന് പറഞ്ഞു, ഈ ഇടതുപക്ഷ ജനാധിപത്യ മുന്നണി എന്നുള്ള പരീക്ഷണം അമ്പേ പരാജയപ്പെട്ടു, ആ പരാജയത്തിന്റെ ഉത്തരവാദികളും മാർക്സിസ്റ്റും കമ്മ്യൂണിസ്റ്റും പാർട്ടിയാണ് എന്ന്. എന്തേ, അതുകൂടി ശ്രീമാൻ സി. ബി. സി. വാര്യർ വായിക്കാത്തത്. അങ്ങനെ ആ മുന്നണി പരാജയപ്പെട്ടെങ്കിൽ ഈ രാജ്യത്തെ ഏറ്റവും കൂടുതൽ ആളുകളാൽ ആരാധിക്കപ്പെടുന്ന, സ്നേഹിക്കപ്പെടുന്ന, ജനാധിപത്യ മൂല്യങ്ങളെ ഉയർത്തിപ്പിടിക്കുന്ന ഏറ്റവും വലിയ നിസ്വാർത്ഥനായ ഒരു രാജ്യസ്നേഹിയെന്നുള്ള നിലയ്ക്ക് ശ്രീമാൻ എ. കെ. ആൻറണി എടുത്ത നേതൃത്വം ഈ രാജ്യത്തെ ജനങ്ങളും അംഗീകരിക്കും സർ. അത് ഒരു കുരുക്ഷേത്രത്തിൽ വച്ചല്ല, ഏതു തെരഞ്ഞെടുപ്പിൽ വച്ചായാലും അതിന് അംഗീകാരം ഉണ്ടാകുമെന്നുള്ള കാര്യത്തിൽ സംശയമില്ല. അതിന്റെ ഫലമായിട്ടാണ് ഇന്ന് ഈ ഭാഗത്ത രിക്കുന്ന ഞങ്ങളും ഇവിടെ ശ്രീമാൻ കരുണാകരന്റെ നേതൃത്തിൽ ഒരു ഗവൺമെൻറ് ഉണ്ടാക്കിയിരിക്കുന്നത്. ഇവിടെ പറഞ്ഞു പറഞ്ഞു വന്നപ്പോൾ ഞാൻ വിചാരിച്ചു ശ്രീനിവാസൻ പറയും, അവിടെ ഇന്ദിരാഗാന്ധിയെ കൂടി രാജിവയ്ക്കണം. കാരണം, ഇവിടെ ഒരു ഗവൺമെൻറ് ഉണ്ടാക്കിപ്പോയില്ലേ എന്നുള്ളതുകൊണ്ട്. ഏതായാലും അദ്ദേഹം അത്രത്തോളം പോയില്ല. കാരണം, ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് ഗവർണ്ണർ രാജിവയ്ക്കാനെ പറഞ്ഞുള്ളു. പ്രധാനമന്ത്രി രാജിവയ്ക്കാൻ പറഞ്ഞില്ല. അതുകൊണ്ട് പ്രധാനമന്ത്രിക്കെങ്കിലും അവിടെ ഇരിക്കാമെന്ന് ഞാൻ വിശ്വസിക്കുകയാണ്. എന്തായാലും സർ, ശശീന്ദ്രൻ പറഞ്ഞു, ഇവിടെ ഒരു കെയർടേക്കർ ഗവൺമെൻറ് ഉണ്ടാക്കിയിട്ട് വരികയാണെങ്കിൽ ഈ ഗവൺമെൻറിനെ ഈ രാജ്യത്തെ ജനങ്ങൾ തൂത്തെറിയുമെന്ന്, ഒരു പക്ഷേ അങ്ങനെയൊരു കെയർടേക്കർ ഗവൺമെൻറിനെ വച്ചുകൊണ്ട് അദ്ദേഹത്തിന്റെ നേതാക്കൻമാർ ലോകസഭാതെരഞ്ഞെടുപ്പു നടത്തിയപ്പോൾ എന്താണ് സംഭവിച്ചതെന്ന് അവർക്ക് അറിയാമല്ലോ? പിന്നെ എന്തിനാണ് സർ, ഇതു പറയുന്നത്. അതുകൊണ്ട് ആ രീതിയിൽ നിങ്ങൾ ഇതു കാണരുത്. പിന്നെ ജനതാപാർട്ടിയുടെ കാലുമാറ്റത്തെപ്പറ്റി വളരെയധികം പറയാറുണ്ട്. സർ, ഈ കാലുമാറ്റമെന്ന് പറഞ്ഞാൽ ഒരു കക്ഷിയിൽ 22 പേർ ഉണ്ടെങ്കിൽ 8 പേർ അങ്ങോട്ടു മാറിയാൽ അതാണോ കാലുമാറ്റം. അതു തന്നെയല്ലേ സർ ജനതാ പാർട്ടിയിലും നടക്കുന്നത്. ജനതാ പാർട്ടി ജനാധിപത്യ മൂല്യങ്ങളെ മാനിച്ചുകൊണ്ട്, അവരുടെ തീരുമാനങ്ങൾ തെറ്റാണെങ്കിൽ അതു തെറ്റാണെന്ന് പറയാൻ ചങ്കൂറ്റം കാണിച്ച ആ മൂന്നു സ്നേഹിതൻമാർക്ക് അഭിനന്ദനങ്ങൾ സമർപ്പിച്ചുകൊണ്ട് ആ രീതിയിലുള്ള ജനാധിപത്യ മര്യാദകൾ കാണിക്കാൻ അവിടെ ഇരിക്കുന്ന ന്യൂനപക്ഷത്തിലുള്ള ആളുകൾ മറ്റുള്ളവരെ കളിയാക്കാതെ മുമ്പോട്ടു വരണമെന്ന് മാത്രം അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ പ്രമേയത്തെ എതിർക്കുകയാണ്.

മി. സ്പീക്കർ : സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും ചേരുന്നതുമാണ്.

(1982 ഫെബ്രുവരി 4-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 2 മണിക്ക് പിരിഞ്ഞു).

LIBRARY ARCHIVES Kerala Legislative Assembly